# Sixth Round Table of ASEAN-India Network of Think Tanks

August 21, 2020

## ASEAN -ഇന്ത്യ നയതന്ത്രജ്ഞ ശൃംഖലയുള്ളവരുടെ ആറാമത് വട്ടമേശ സമ്മേളനം

ഓഗസ്റ്റ് 21, 2020

തായ്ലൻഡ് വിദേശകാര്യ മന്ത്രാലയത്തിന്റെ പങ്കാളിത്തത്തോടെ വിദേശകാര്യാമന്ത്രാലയം ASEAN -ഇന്ത്യ നയതന്ത്ര ശൃംഖലയിൽ ഉള്ളവരുടെ (AINTT) 6 മത് വട്ടമേശ സമ്മേളനം 2020 ഓഗസ്റ്റ് 20 -21 തിയ്യതികളിലായി സംഘടിപ്പിച്ചു.വികസ്വര രാജ്യങ്ങൾക്കായുള്ള വിവര ഗവേഷണ സംവിധാനത്തിലെ (RIS) ASEAN -ഇന്ത്യ സെന്റർ (AIC) ബാങ്കോക്കിലെ ചുലലോങ്ങ്കോൺ സർവകലാശാലയിലെ ASEAN സ്റ്റഡീസ് സെന്റർ (ASC) എന്നിവർ വട്ടമേശ സമ്മേളനത്തിന്റെ സംഘടനാ പങ്കാളിത്തം വഹിച്ചു. 'ASEAN - ഇന്ത്യ: കോവിഡിന് ശേഷമുള്ള കാലഘട്ടത്തിലെ പങ്കാളിത്തം ശക്തിപ്പെടുത്തുക.' എന്നതായിരുന്നു സമ്മേളനത്തിലെ വിഷയം.

2. വിദേശകാര്യമന്ത്രി ഡോ: എസ് ജയശങ്കർ തായ്ലൻഡിലെ വിദേശകാര്യമന്ത്രിയും ഉപപ്രധാനമന്ത്രിയുമായ ശ്രീ.ഡോൺ പ്രമുദ്വിനായ് എന്നിവർ സംയുക്തമായാണ് 2020 ഓഗസ്റ്റ് 20 ന് വട്ടമേശ സമ്മേളനം ഉദ്ഘാടനം ചെയ്തത്. ASEAN സെക്രട്ടറി ജനറൽ ശ്രീ. ലിം ജോക്ക് ഹോയ് ഉദ്ഘാടന വേളയെ അഭിസംബോധന ചെയ്തു. എല്ലാ പത്തു ASEAN അംഗത്വമുള്ള രാജ്യങ്ങളിൽ നിന്നും SOM നേതാക്കൾ/ അവരുടെ പ്രതിനിധികൾ എന്നിവരും ചടങ്ങിന് സന്നിഹിതരായിരുന്നു.

3.രണ്ടു ദിവസങ്ങളായി പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള അഞ്ച് സെഷനുകളായിരുന്നു വട്ടമേശ സമ്മേളനത്തിൽ ഉണ്ടായിരുന്നത്. കോവിഡ് -19 ന് ശേഷമുള്ള കാലഘട്ടത്തിൽ ആഗോള ക്രമത്തിന്റെയും ASEAN-ഇന്ത്യ ബന്ധത്തിന്റെയും ഘടനയിൽ മാറ്റം വരുത്തുക ; മൂല്യ ശൃംഖലകളുടെ ആവിർഭാവം: കോവിഡ്-19 ന് ശേഷമുള്ള കാലഘട്ടത്തിൽ ഇന്ത്യയ്ക്കും ASEAN ഉം ഉള്ള അവസരങ്ങൾ;ASEAN -ഇന്ത്യ പങ്കാളിത്തത്തിലെയും ഭാവിയിലെ സഹകരണ പ്രവർത്തനത്തിലെയും പുതിയ സാധാരണരീതിയും അതിന്റെ പ്രധാന്യവും; ASEAN ഔട്ട്ലുക്ക് ഓൺ ഇന്തോ-പസഫിക് (AOIP), ഇന്തോ-പസഫിക് ഓഷ്യൻസ് ഇനിഷ്യേറ്റീവ് (IPOI): ന്യൂനതകൾ പരിഹരിക്കുന്നതും സഹകരണവും; എന്നിവയായിരുന്നു വിഷയങ്ങൾ. പ്രഗത്ഭരായ ചിന്തകർ, സർവ്വകലാശാലകൾ, ഇന്ത്യ, ASEAN എന്നിവങ്ങളിൽ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നുള്ള 4-5 പാനലിസ്റ്റുകളുടെ ഗവേഷണ പ്രബന്ധങ്ങളുടെ അവതരണം ഓരോ സെഷനിലും നടന്നു , ഇതിനെ തുടർന്ന് ചോദ്യോത്തരവേളയും ഉണ്ടായിരുന്നു.

4. വിദ്യാഭാസം, വ്യവസായം, സർക്കാർ നയതന്ത്ര സമൂഹം എന്നിവയിൽ നിന്നും 400 ൾ അധികം ആളുകൾ വട്ടമേശയിൽ പങ്കെടുത്തു.

5.ചിന്തകർ, നയതന്ത്രജ്ഞർ, വിദ്യാഭ്യാസവിചക്ഷണന്മാർ കൂടാതെ ബിസിനെസ്സ് പ്രതിനിധികൾ എന്നിവർക്കായുള്ള ASEAN -ഇന്ത്യ വട്ടമേശ സമ്മേളനം ആരംഭിച്ചത് 2009 ൽ തായ്‌ലൻഡിൽ നടന്ന 7 മത് ASEAN -ഇന്ത്യ ഉച്ചകോടിയിലാണ്, ഇത് സർക്കാരുകൾക്ക് ഭാവിയിലെ സഹകരണത്തിനായുള്ള നിയമപരമായ നിർദേശങ്ങൾ നൽകുന്നതിനുള്ളതാണ്. ഈ ഫോം ഉയർന്ന ഗുണമേന്മയുള്ള ഗവേഷണ പ്ലാറ്റ്ഫോം ആയി പ്രവർത്തിക്കുകായും കൂടാതെ ASEAN -ഇന്ത്യ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി ദീർഘകാലത്തേക്കുള്ള പദ്ധതികൾ വിഭാവനം ചെയ്യുകയും ചെയ്യുന്നു.

**ന്യൂ ഡൽഹി**
**ഓഗസ്റ്റ് 21, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.